# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2941 — 02.04.2013-ൽ മറുപടിയ്ക്ക്

## റോഡുകളിൽ സൗരോർജ്ജ വഴിവിളക്കുകൾ സ്ഥാപിക്കുവാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.പി.മുഹമ്മദ്**<br>**,, റ്റി.എൻ.പ്രതാപൻ**<br>**,, കെ.ശിവദാസൻ നായർ**<br>**,, എം.എ.വാഹീദ്** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ സൗരോർജ്ജ വഴിവിളക്കുകൾ സ്ഥാപിക്കുവാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. കെ.എസ്.ടി.പി പദ്ധതിയിൽപ്പെടുത്തി ഒന്നാംഘട്ടത്തിൽ നിർമ്മിച്ച കഴക്കൂട്ടം-തൈക്കോട് റോഡിൽ കഴക്കൂട്ടം ഭാഗത്ത് 16 സൗരോർജ്ജ വിളക്കുകൾ പരീക്ഷണാടിസ്ഥാനത്തിൽ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ടി.പി പദ്ധതിയിൽ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ആകെ 363 കി.മീ ദൈർഘ്യം വരുന്ന 6 അപ്ഗ്രഡേഷൻ റോഡുകളിൽ ആവശ്യമായ സ്ഥലങ്ങളിലും, ജംഗ്ഷനുകളിലും സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ; | (ബി) വർദ്ധിച്ചുവരുന്ന ഊർജ്ജ പ്രതിസന്ധിയെ തരണം ചെയ്യുകയും, ഇതുവഴി സർക്കാരിന്റെ ബാധ്യത കുറയ്ക്കുകയും പരിസ്ഥിതി സൗഹൃദ മാർഗ്ഗങ്ങൾ ഉപയോഗ്യമാക്കുകയുമാണ് സൗരോർജ്ജ വിളക്കുകൾ റോഡുകളിൽ സ്ഥാപിക്കുന്നതിന്റെ ഉദ്ദേശം. |
| (സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ; | (സി) കേരള സർക്കാരിന്റെ കീഴിലുള്ള കെൽട്രോൺ മുഖേനയാണ് ഇപ്പോൾ സൗരോർജ്ജ വിളക്കുകൾ കെ.എസ്.ടി.പി സ്ഥാപിച്ചത്. |
| (ഡി) പ്രസ്തുത ആവശ്യത്തിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ ? | (ഡി) കെ.എസ്.ടി.പി രണ്ടാംഘട്ട പദ്ധതിയിൽപ്പെടുത്തി നിർമ്മിക്കുന്ന എല്ലാ റോഡുകളിലെ ജംഗ്ഷനുകളിലും ആവശ്യമായ സ്ഥലങ്ങളിലും സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥ കരാറിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. |

Salitha

**സെക്ഷൻ ഓഫീസർ**